# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജലസുരക്ഷ പദ്ധതി 2016 മാർച്ച് - ജൂൺ മാസങ്ങളിൽ നടപ്പിലാക്കുന്നതിനും പദ്ധതി നടത്തിപ്പിന് അവലംബിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം. 429/2016/തസ്വഭവ തിരുവനന്തപുരം, തീയതി : 02.02.2016.**

---

പരാമർശം : വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 29.12.2015-ലെ **2.2** നമ്പർ തീരുമാനം

## ഉത്തരവ്

സംസ്ഥാനം മുഴുവനും ഒരു ജലസുരക്ഷ പദ്ധതി 2016 മാർച്ച് - ജൂൺ മാസങ്ങളിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകിയും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള കാര്യങ്ങൾ പാലിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) കുടുംബശ്രീ സി.ഡി.എസ്-നെ ഉപയോഗിച്ച് പഞ്ചായത്തുകളിലും നഗര പ്രദേശങ്ങളിലുമുള്ള കിണറുകൾ അതിൽ വറ്റുന്നവ, ആവശ്യത്തിന് ജലം ലഭ്യമല്ലാത്തവ മുതലായവയുടെ കണക്ക് എടുക്കേണ്ടതാണ്. സർവേയ്ക്ക് ആവശ്യമായ ഫോർമാറ്റ് സി.സി.ഡി.യു തയ്യാറാക്കി ലഭ്യമാക്കേതാണ്. ആവശ്യമായ ഫണ്ട് അതത് പഞ്ചായത്തുകൾ പ്ലാനിൽ നിന്നും വകയിരുത്തേണ്ടതാണ്. രണ്ടാഴ്ചകൊണ്ട് സർവേ പൂർത്തീകരിക്കേണ്ടതാണ്.
2) ഗ്രാമപ്രദേശങ്ങളിൽ പദ്ധതി എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയുമായി സംയോജിപ്പിച്ച് ഒരു സംസ്ഥാനതല പ്രോജക്ടായി നടപ്പാക്കേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ ശേഖരിക്കുന്ന കണക്ക് ക്രോഡീകരിച്ച് റീ ചാർജ് ആവശ്യമായ കിണറുകളുടെ ലിസ്റ്റ് പഞ്ചായത്ത് എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രക്രിയയനുസരിച്ച് ജില്ലാ പഞ്ചായത്തിൽ നിന്നും അംഗീകരിച്ച് നടപ്പിലാക്കേണ്ടതാണ്. നടപ്പിലാക്കുന്നതിനുമുമ്പ് ഗ്രാമസഭയുടെ അംഗീകാരം വാങ്ങേണ്ടതാണ്. ഇതിനായി ഫെബ്രുവരി മാസത്തിൽ തന്നെ ജലസഭ എന്ന പേരിൽ പ്രത്യേക ഗ്രാമസഭ കൂടേണ്ടതാണ്.
3) സംസ്ഥാനതലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഒരു ഉപദേശക സമിതിയും കളക്ടറുടെ നേതൃത്വത്തിൽ ഒരു എക്സിക്യൂട്ടീവ് സമിതിയും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പ്രസിഡന്റിന്റെയും ഗ്രാമതലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും നേതൃത്വത്തിൽ സമിതികൾ രൂപീകരിക്കേണ്ടതാണ്.

4) സംസ്ഥാനതലത്തിൽ പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശഭരണം)യുടെ നേതൃത്വത്തിൽ പദ്ധതി വിലയിരുത്തുന്നതിനായി ഒരു കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്. എക്സിക്യൂട്ടീവ് ഡയറക്ടർ ജലനിധി, സ്പെഷ്യൽ സെക്രട്ടറി (റിസോഴ്സ്-ധനകാര്യം), ഡയറക്ടർ, സി.സി.ഡി.യു (കൺവീനർ), സെക്രട്ടറി, ജലവിഭവ വകുപ്പ്, ഡയറക്ടർ, കുടുംബശ്രീ എന്നിവർ അംഗങ്ങളായിരിക്കും.

5) ജനപ്രതിനിധികൾക്കുള്ള പരിശീലനത്തിൽ ജലസുരക്ഷ ഉൾപ്പെടുത്താൻ കിലയുമായും, എസ്.ഐ.ആർ.ഡിയുമായും സി.സി.ഡി യു ബന്ധപ്പെടേണ്ടതാണ്. കുടുംബശ്രീയുടെ തെരഞ്ഞെടുക്കപ്പെട്ട അക്രഡിറ്റഡ് ഏജൻസിയുമായി ചേർന്ന് മേസൻ പരിശീലനത്തിനുള്ള നടപടിയും സി.സി.ഡി.യു സ്വീകരിക്കേണ്ടതാണ്.

6) അഞ്ച് ഏക്കർ വരെ സ്ഥലമുള്ളവരുടെയും പൊതു സ്ഥാപനങ്ങളുടെയും കിണറുകൾ റീ ചാർജ്ജ് ചെയ്യാവുന്നതാണ്.

7) ആവശ്യമായ റൈപ്പ് ഡിസൈൻ സി.സി.ഡി.യു ലഭ്യമാക്കേണ്ടതും ഒരു യൂണിറ്റിന് 5000/-രൂപ ധനസഹായം നൽകാവുന്നതുമാണ്.

8) ഗ്രാമങ്ങളിൽ എം.ജി.എൻ.ആർ.ഇ.ജി.എസ് ഫണ്ടും പഞ്ചായത്ത് ഫണ്ടും ഐ.ഡബ്ല്യൂ എം.പി ഫണ്ടും ഉപയോഗിക്കേണ്ടതാണ്. നഗരങ്ങളിൽ നഗരസഭകളുടെ ഫണ്ടുപയോഗിച്ച് നഗരസഭകളുടെ നേതൃത്വത്തിൽ പദ്ധതി നടപ്പാക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.എസ്.ശോഭന
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, ജലവിഭവ വകുപ്പ്.
സ്പെഷ്യൽ സെക്രട്ടറി, (റിസോഴ്സ്-ധനകാര്യം).
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, കില, തൃശ്ശൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, വാട്ടർ അതോറിറ്റി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധി, തിരുവനന്തപുരം.
ഡയറക്ടർ, സി.സി.ഡി.യു, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

**പകർപ്പ്:** പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.